श्रीशङ्कराचार्यसंस्कृतसर्वकलाशाला, कालटी

**SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY**

## 60–ാമത് അക്കാദമിക് കൗൺസിൽ യോഗം

തീയതി : 27.05.2025 സ്ഥലം : ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

| ക്രമ നം. | പേര് | | ഒപ്പ് |
|---|---|---|---|
| 1 | ഡോ. കെ കെ. ഗീതാകുമാരി, വൈസ് ചാൻസലർ | ; | ഒപ്പ് |
| 2 | ഡോ. മോത്തി ജോർജ്ജ്, രജിസ്ട്രാർ | ; | ഒപ്പ് |
| 3 | ഡോ. മുഹമ്മദ് മാഹിൻ എ | ; | ഒപ്പ് |
| 4 | ശ്രീമതി. റാഹിലാ ബീവി എം. ഐ | ; | ഒപ്പ് |
| 5 | ഡോ. രാമൻകുട്ടി പി വി | ; | ഒപ്പ് |
| 6 | ഡോ. രേണുക കെ സി | ; | ഒപ്പ് |
| 7 | ഡോ. ആതിര ജാതവേദൻ | : | ഒപ്പ് |
| 8 | ഡോ. ശ്യാമള കെ | ; | ഒപ്പ് |
| 9 | ഡോ. മുരളീകൃഷ്ണൻ ടി ആർ | ; | ഒപ്പ് |
| 10 | ഡോ. ജി നാരായണൻ | ; | ഒപ്പ് |
| 11 | ഡോ. ടി. ജി ജ്യോതിലാൽ | ; | ഒപ്പ് |
| 12 | ഡോ. കെ . രമാദേവി അമ്മ | ; | ഒപ്പ് |
| 13 | ഡോ. ഷീബ എസ് | ; | ഒപ്പ് |
| 14 | ഡോ. എം. സത്യൻ | ; | ഒപ്പ് |
| 15 | ഡോ. മിനി ടി | ; | ഒപ്പ് |
| 16 | ഡോ. അംബിക കെ ആർ | ; | ഒപ്പ് |
| 17 | ഡോ. സജിത കെ ആർ | ; | ഒപ്പ് |
| 18 | ഡോ. സുനിത ഗോപാലകൃഷ്ണൻ | ; | ഒപ്പ് |
| 19 | ഡോ. അജിത് കുമാർ കെ വി | ; | ഒപ്പ് |

| | | | |
|---|---|---|---|
| 20 | ഡോ. എം. സി അബ്ദുൾ നാസർ | ; | ഒപ്പ് |
| 21 | ഡോ. രൂപ വി | ; | ഒപ്പ് |
| 22 | ഡോ. ജോസ് ആന്റണി | ; | ഒപ്പ് |
| 23 | ഡോ. രേഷ്മ ഭരദ്വജ് | ; | ഒപ്പ് |
| 24 | ഡോ. ശീതൾ എസ് കുമാർ | ; | ഒപ്പ് |
| 25 | ഡോ. ടി എസ് . സാജു | ; | ഒപ്പ് |
| 26 | അശ്വന്ത് പി എം | ; | ഒപ്പ് |
| 27 | ഷെഹീന എസ് എസ്, പി.എച്ച്.ഡി റപ്പ് | ; | ഒപ്പ് |
| 28 | ആര്യ എം. (സ്റ്റുഡന്റ് റപ്പ് ) | ; | ഒപ്പ് |
| 29 | ഡോ. സംഗമേശൻ കെ.എം | ; | ഒപ്പ് |
| 30 | ഡോ. കെ ജി കുമാരി | ; | ഒപ്പ് |
| 31 | ഡോ. ദിന എം ആർ | ; | ഒപ്പ് |
| 32 | ഡോ. വി ലിസ്സി മാത്യൂ | ; | ഒപ്പ് |
| 33 | ആർ അജയൻ, സിൻഡിക്കേറ്റ് മെമ്പർ | ; | ഒപ്പ് |
| 34 | ഡോ. സന്ധ്യ അരവിന്ദ് | ; | ഒപ്പ് |
| 35 | ഡോ. മാത്യൂസ് ടി തെള്ളി | ; | ഒപ്പ് |
| 36 | ഡോ. പി. വി ഓമന | ; | ഒപ്പ് |
| 37 | ഡോ. കെ. കെ കൃഷ്ണകുമാർ | ; | ഒപ്പ് |
| 38 | ഡോ. വി. ജി ഗോപാലകൃഷ്ണൻ | ; | (ഓൺലൈൻ) |
| 39 | ഡോ. കെ. എം. അബു | ; | (ഓൺലൈൻ) |
| 40 | ശ്രീ. കുഞ്ഞിമൊയ്തീൻകുട്ടി | ; | (ഓൺലൈൻ) |
| 41 | അഡ്വ. കെ.എസ്. അരുൺകുമാർ | ; | (ഓൺലൈൻ) |
| 42 | ശ്രീമതി. സിന്ധു എസ് | ; | (ഓൺലൈൻ) |
| 43 | ഡോ. സി. ആർ. പ്രസാദ് | ; | (ഓൺലൈൻ) |
| 44 | ഡോ. സൂസൻ തോമസ് | ; | (ഓൺലൈൻ) |
| 45 | ഡോ. ആർ. വിജയകുമാർ | ; | (ഓൺലൈൻ) |
| 46 | ഡോ. മഞ്ജു ഗോപാൽ | ; | (ഓൺലൈൻ) |

| | | | |
|---|---|---|---|
| 47 | ഡോ. പി. പി. അജയകുമാർ | ; | (ഓൺലൈൻ) |
| 48 | ഡോ. സി. രാജേന്ദ്രൻ | ; | (ഓൺലൈൻ) |
| 49 | ഡോ. ആർ ജയചന്ദ്രൻ | ; | (ഓൺലൈൻ) |
| 50 | ഡോ. ബേബി ശാരി പി. എ | ; | (ഓൺലൈൻ) |
| 51 | ഡോ. കമറുന്നീസ കെ.എ | ; | (ഓൺലൈൻ) |
| 52 | ഡോ. വി. അനിൽകുമാർ | ; | (ഓൺലൈൻ) |

I **അഭിസംബോധന (Introduction by the chair)**

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംങ്, പ്രശസ്ത ഗായകൻ ശ്രീ. പി. ജയചന്ദ്രൻ, പ്രശസ്ത സംവിധായകനും സാഹിത്യകാരനുമായിരുന്ന ശ്രീ. എം.ടി. വാസുദേവൻ നായർ, ദളിത് ചിന്തകനും എഴുത്തുകാരനുമായ കെ.കെ. കൊച്ച്, ഹിന്ദി-മലയാളം എഴുത്തുകാരനായിരുന്ന വി.കെ. ബാലകൃഷ്ണൻ നായർ, നമ്മുടെ പൂർവ്വ വിദ്യാർത്ഥിയും വേദാന്ത വിഭാഗത്തിന്റെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗവും, ശാസ്ത്ര സാഹിത്യ പരിഷത്ത് സംസ്ഥാന കമ്മറ്റി അംഗവുമായിരുന്ന ഡോ. രഞ്ജിനി എം, കാശ്മീർ പഹൽഗാം ഭീകരാക്രമണത്തിലും ഇന്ത്യ-പാക്ക് സംഘർഷത്തിൽ കൊല്ലപ്പെട്ടവരുടേയും, പ്രശസ്ത ചലചിത്രകാരൻ ശ്രീ ഷാജി എൻ. കരുൺ, സർവകലാശാലയിൽ നിന്നും ജോയിന്റ് രജിസ്ട്രാറായി വിരമിച്ച ശ്രീമതി സൗദാമിനി കെ.ജി, പ്രമുഖ ഭാഷാ പണ്ഡിതൻ ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ, പ്രശസ്ത ഇന്ത്യൻ ന്യൂക്ലിയർ സയന്റിസ്റ്റ് എം. ആർ. ശ്രീനിവാസൻ തുടങ്ങിയവരുടെ നിര്യാണത്തിലും മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

21.12.2024 തീയതിയിലെ 59-ാം അക്കാദമിക് കൗൺസിൽ യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

1. ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ കേരളത്തിന്റെ 23-ാമത് ഗവർണറായി 2025 ജനുവരി 2 ന് ചുമതലയേറ്റു.
2. സർവകലാശാലയുടെ ഫാക്കൽറ്റി ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ഡീൻ ആയി പ്രൊഫ. (ഡോ.) ജയചന്ദ്രൻ ആർ, സീനിയർ പ്രൊഫസർ, ഹിന്ദി വിഭാഗം, കേരള സർവകലാശാല - യെ ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തു. യോഗത്തിലേക്ക് ടിയാനെ സ്വാഗതം ചെയ്യുന്നു.
3. 2024 ഡിസംബർ 26 മുതൽ 30 വരെ ചെന്നൈ എസ്. ആർ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

സയൻസ് & ടെക്നോളജിയിൽ വച്ച് നടന്ന 38 -ാമത് സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി കലോത്സവത്തിൽ ഓവറോൾ ഫോർത്ത് റണ്ണേഴ്സ് അപ്പ് നേടിയ സർവകലാശാല ടീമിലെ എല്ലാ അംഗങ്ങളേയും അഭിനന്ദിക്കുന്നു.

4. 2025 ജനുവരി 3 മുതൽ 5 വരെ ജവഹർലാൽ നെഹ്റു സർവകലാശാല, ന്യൂഡൽഹിയിൽ വച്ച് നടന്ന 27 -ാമത് ഇന്റർ നാഷണൽ കോൺഗ്രസ് ഓഫ് വേദാന്തയിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് വൈസ് ചാൻസലറും, ഒരു അധ്യാപികയും, 12 വിദ്യാർത്ഥികളും പങ്കെടുത്തു.
5. സർവകലാശാലയുടെ പബ്ലിക്കേഷൻ വിഭാഗം പ്രസിദ്ധീകരിക്കുന്ന പ്രഭാവർമ്മയുടെ 'കനൽ ചിലമ്പ്' എന്ന കവിത സമാഹാരത്തിന്റെ ഡോ. എൻ. വി. പി. ഉണിത്തിരി സംസ്കൃത പരിഭാഷ നിർവഹിച്ച "അംഗാരനൂപുരം" എന്ന കൃതിയുടെ പ്രകാശനം കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. ശ്രീനിവാസ റാവു 2025 ജനുവരി 8 ന് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ വച്ച് നിർവഹിച്ചു. മുൻ പ്രോ വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി ആദ്യ പ്രതി ഏറ്റുവാങ്ങി. വൈസ് ചാൻസലർ, ശ്രീ. ആർ. അജയൻ (സിൻഡിക്കേറ്റ് അംഗം), രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം) എന്നിവർ പങ്കെടുത്തു.
6. ശ്രീ. പി. ഭാസ്കരൻ ജന്മശതാബ്ദിയോടനുബന്ധിച്ച് 2025 ജനുവരി 8 ന് തിരൂർ പ്രാദേശിക കേന്ദ്രത്തിൽ വച്ച് കേരള സംസ്ഥാന സർവ്വവിജ്ഞാന ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് 'ചലചിത്ര ഗാന സംസ്കാരം' എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു.
7. സർവകലാശാല കൊയിലാണ്ടി പ്രാദേശിക ക്യാമ്പസിൽ 2025 ജനുവരി 10, 11 തീയതികളിൽ എം.കെ.എസ് നാടകവും ജീവിതവും എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. സംസ്കൃത നാടകത്തിലെ സമഗ്ര സംഭാവനക്ക് രാമപ്രഭ പുരസ്കാരത്തിന് അർഹനായ ശ്രീ എം.കെ. സുരേഷ് ബാബുവിന് നൽകിയ ആദരിക്കൽ ചടങ്ങ് പൊതുമരാമത്ത് മന്ത്രി ബഹു. പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു.
8. ഉന്നത വിദ്യാഭ്യാസ കോൺക്ലേവിനോട് അനുബന്ധിച്ച് സംഘടിപ്പിച്ച പ്രീ കോൺക്ലേവുമായി ബന്ധപ്പെട്ടുള്ള സിംപോസിയം & എക്സിബിഷൻ 2025 ജനുവരി 10 ന് സർവകലാശാല മുഖ്യകേന്ദ്രത്തിൽ വച്ച് നടത്തി. പ്രസ്തുത പരിപാടി വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ വച്ച് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് ഷേപ്പിംഗ് കേരളാസ് ഫ്യൂച്ചർ ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ് - ജെൻ ഹയർ എഡ്യൂക്കേഷൻ എന്ന പേരിൽ 2025 ജനുവരി 14, 15 തീയതികളിലായി സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ

സർവകലാശാല പങ്കെടുത്തു. കോൺക്ലേവിനോടനുബന്ധിച്ച് സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ എക്സിബിഷനിൽ സർവകലാശാലയുടെ എക്സിബിഷൻ സ്റ്റാൾ ശ്രദ്ധേയമായി. സർവകലാശാലയിലെ വിദ്യാർത്ഥികളും അധ്യാപകരും കോൺക്ലേവിൽ പങ്കെടുക്കുകയും ചെയ്തു.

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ Attracting Inter National Students to Kerala എന്ന വിഷയത്തിൽ 13.01.2025 ന് കളമശ്ശേരി രാജഗിരി കോളേജിൽ വച്ചുനടന്ന പ്രി കോൺക്ലേവ് ശിൽപശാലയിൽ Office of the International Affairs ന്റെ ഡയറക്ടർ ഡോ. സൂസൻ തോമസ്, അസിസ്റ്റന്റ് ഡയറക്ടർ ഡോ. രേഷ്മ ഭരദ്വാജ് എന്നിവർ പങ്കെടുക്കുകയും, തിരുവനന്തപുരത്തുവച്ച് 03.02.2025 ൽ മേൽ വിഷയത്തിൽ നടന്ന പോസ്റ്റ് കോൺക്ലേവ് ശിൽപശാലയിൽ Office of the International Affairs ന്റെ ഡയറക്ടർ ഡോ. സൂസൻ തോമസ്, അസിസ്റ്റന്റ് ഡയറക്ടർ ഡോ. രേഷ്മ ഭരദ്വാജ്, ഐ.ക്യു.എ.സി ഡയറക്ടർ, ഡോ. അജിത് കുമാർ കെ.വി എന്നിവർ പങ്കെടുക്കുകയും ചെയ്തു.

9. ആലുവ അൽ അമീൻ കോളേജ് സംഘടിപ്പിച്ച Hack-Arti-Thon എന്ന മത്സരത്തിൽ പങ്കെടുത്ത സാമൂഹ്യ സേവന വിഭാഗത്തിലെ ഗവേഷക വിദ്യാർത്ഥികൾക്ക് നൂതന ക്രിയാത്മക പ്രശ്നപരിഹാര ആശയത്തിനും പദ്ധതിക്കും ഒന്നാം സമ്മാനം ലഭിച്ചു. ഇതിൽ പങ്കെടുത്ത വിദ്യാർത്ഥികളെ അഭിനന്ദിക്കുന്നു.
10. സർവകലാശാല പ്ലേസ്മെന്റ് സെൽ, എംപ്ലോയ്മെന്റ് & ഗൈഡൻസ് ബ്യൂറോയുമായി സഹകരിച്ച് അവസാനവർഷ വിദ്യാർത്ഥികൾക്ക് ഫെബ്രുവരി മൂന്നാം ആഴ്ച പ്ലേസ്മെന്റ് ഡ്രൈവ് നടത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് 2025 ജനുവരി 23 ന് പരിശീലന പരിപാടി സംഘടിപ്പിച്ചു.
11. റിസർച്ച് & ഡവലപ്മെന്റ് സെല്ലിന്റെയും ഐ.ക്യു.എ.സി യുടേയും നേതൃത്വത്തിൽ 2025 ഫെബ്രുവരി 03 മുതൽ 07 വരെ കാലടി മുഖ്യ ക്യാമ്പസിൽവച്ച് റിസർച്ച് & പബ്ലിക്കേഷൻ എത്തിക്സ് എന്ന വിഷയത്തിൽ 5 ദിവസത്തെ വർക്ക്ഷോപ്പ് ഗവേഷകർക്കായി സംഘടിപ്പിച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.
12. സംസ്കൃത ന്യായ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡോ. ടി. ആര്യാദേവി അനുസ്മരണവും എൻഡോവ്മെന്റ് പ്രഭാഷണവും 2025 ഫെബ്രുവരി 05 ന് കാലടി മുഖ്യ ക്യാമ്പസിൽ നടത്തി.
13. സെന്റർ ഫോർ ഡിസാസ്റ്റർ സ്റ്റഡീസും, ജ്യോഗ്രഫി വിഭാഗവും കേരള സ്റ്റേറ്റ് ബയോ ഡൈവേഴ്സിറ്റി ബോർഡുമായി സഹകരിച്ച് Global Warming and Local Ecosystem എന്ന വിഷയത്തിൽ 2025 ഫെബ്രുവരി 11 -ാം തീയതി ഏകദിന സെമിനാർ സംഘടിപ്പിച്ചു.

14. സർകലാശാലാ ക്യാമ്പസ് യൂണിയൻ കലോത്സവം 'എക്ലധാരി' 2025 ഫെബ്രുവരി 12, 13, 14 തീയതികളിലായി കാലടി ക്യാമ്പസിൽ വച്ച് നടന്നു.
15. സർവകലാശാലയുടെ തിരൂർ പ്രാദേശിക ക്യാമ്പസിൽ 'മലയാളം ഭാഷാ ജീവിതങ്ങൾ' എന്ന വിഷയത്തിൽ 2025 ഫെബ്രുവരി 18, 19, 20 തീയതികളിൽ ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിച്ച വിവരം റിപ്പോർട്ട് ചെയ്യുന്നു.
16. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 7 മികവിന്റെ കേന്ദ്രങ്ങളിൽ ഒന്നായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജെൻഡർ ഇക്വിറ്റി സർവകലാശാലയിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച ധാരണാപത്രം സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സെക്രട്ടറി ഡോ. രാജൻ വർഗ്ഗീസ് സർവകലാശാല വൈസ് ചാൻസലർക്ക് കൈമാറി.
17. മലപ്പുറം ജില്ലയിലെ ഏലംകുളത്തുള്ള പട്ടംതൊടി തറവാട്ടിൽ കാലങ്ങളായി സൂക്ഷിച്ചു വച്ചിരുന്ന അമൂല്യങ്ങളായിരുന്ന താളിയോല ഗ്രന്ഥങ്ങൾ സംസ്കൃത സർവകലാശാലയിലെ താളിയോല ഗ്രന്ഥശാലയ്ക്ക് സൗജന്യമായി നൽകി. പട്ടംതൊടി തറവാട്ടിൽ പരേതനായ പി. നാരായണന്റെ ഭാര്യ ശാന്തകുമാരി ഓടത്ത് താളിയോല ഗ്രന്ഥങ്ങളുടെ ശേഖരം വൈസ് ചാൻസലർക്ക് 17.02.2025 ന് കൈമാറി.
18. സർവകലാശാലയിലെ പ്ലെയ്സ്മെന്റ് സെൽ, എംപ്ലോയ്മെന്റ് സെൽ, എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, മോഡൽ കരിയർ സെന്റർ, കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിംഗ് സെൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2025 ഫെബ്രുവരി 20–ാം തീയതി കാലടി മുഖ്യ ക്യാമ്പസിൽ ജോബ് ഫെയർ 'പ്രയുക്തി' എന്ന പേരിൽ സംഘടിപ്പിച്ച തൊഴിൽമേളയിൽ 18 സ്ഥാപനങ്ങളിലേക്ക് 973 ജോലി ഒഴിവുകൾക്കായി 632 പേർ അഭിമുഖത്തിന് പങ്കെടുക്കുകയും അതിൽ 32 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു.
19. സർവകലാശാലയിലെ കായിക വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മുഖ്യ ക്യാമ്പസിൽ സംഘടിപ്പിച്ച ശ്രീശങ്കര കപ്പിന് വേണ്ടിയുള്ള ഓൾ കേരള ഇന്റർ കോളേജിയേറ്റ് വോളിബോൾ ടൂർണ്ണമെന്റിൽ അരുവിത്തറ സെന്റ് ജോർജ്ജ് കോളേജ് ജേതാക്കളായി.
20. ഇന്റർനാഷണൽ സ്കൂൾ ഫോർ ശ്രീശങ്കരാചാര്യ സ്റ്റഡീസും ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ച്, ന്യൂഡൽഹിയും സംയുക്തമായി സർവകലാശാലയിൽ ദ്വിദിന ദേശീയ സംവാദ സദസ്സ് 2025 മാർച്ച് 3,4 തീയതികളിലായി സംഘടിപ്പിച്ചു. ഇന്ത്യൻ കൗൺസിൽ ഫോർ ഫിലോസഫിക്കൽ റിസർച്ച് മെമ്പർ സെക്രട്ടറി പ്രൊഫ. സച്ചിദാനന്ദ മിശ്ര ഉദ്ഘാടനം നിർവഹിച്ചു. വൈസ് ചാൻസലർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

21. 2025 മാർച്ച് 3 മുതൽ 7 വരെ ഉത്തർപ്രദേശിലെ അമിറ്റി സർവകലാശാലയിൽ വച്ച് നടന്ന 38 -മത് അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് ഇന്റർ യൂണിവേഴ്സിറ്റി നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ നൃത്ത ഇനങ്ങളിൽ സർവകലാശാല ഓവറോൾ ചാംമ്പ്യൻമാരായി. കലോത്സവത്തിൽ പങ്കെടുത്ത ടീമിലെ എല്ലാ അംഗങ്ങളേയും അഭിനന്ദിക്കുന്നു.

22. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ ചരിത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ 2025 മാർച്ച് നാലിന് സംഘടിപ്പിച്ച ദലിത് ബന്ധു എൻ. കെ. ജോസ് അനുസ്മരണ പ്രഭാഷണം ഹൈദരാബാദ് സർവകലാശാല ചരിത്രവിഭാഗം പ്രൊഫസർ, ഡോ. ഭാംഗ്യ ഭുഖ്യാ നിർവഹിച്ചു. 'രചനകളിലെ ആദിവാസികൾ വൈജ്ഞാനികവും രീതിശാസ്ത്രപരവുമായ ആശങ്കകൾ' എന്നതായിരുന്നു പ്രഭാഷണ വിഷയം. അനുസ്മരണ സമ്മേളനത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.

23. അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഖിലേന്ത്യ അന്തർ സർവകലാശാല ശരീര സൗന്ദര്യ (ബെസ്റ്റ് ഫിസിക്) പുരുഷ വിഭാഗം ചാമ്പ്യൻഷിപ്പ് 2025 മാർച്ച് 07 മുതൽ 09 വരെ സർവകലാശാലാ കായിക പഠന വിഭാഗത്തിന്റെ നേതൃത്വത്തിൽ കാലടി മുഖ്യ കേന്ദ്രത്തിൽ വച്ച് സംഘടിപ്പിച്ചു. ബഹു. അങ്കമാലി എം.എൽ.എ ശ്രീ റോജി. എം. ജോൺ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ വൈസ് ചാൻസലർ അധ്യക്ഷത വഹിച്ചു. മത്സരത്തിൽ കോഴിക്കോട് സർവകലാശാല ബെസ്റ്റ് ഫിസിക് ചാമ്പ്യൻഷിപ്പ് ഓവറോൾ കിരീടം നേടി. ചാമ്പ്യൻഷിപ്പ് വിജയകരമായി നടത്തുന്നതിന് നേതൃത്വം വഹിച്ച കായിക വിഭാഗത്തിലെ അധ്യാപകരേയും വിദ്യാർത്ഥികളേയും കൂടാതെ അതിനായി സഹകരിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു.

24. കാലടി മുഖ്യ കേന്ദ്രത്തിൽ സർവകലാശാല സാഹിത്യവിഭാഗത്തിന്റെ നേതൃത്വത്തിൽ " ശ്രീനാരായണ വിജ്ഞാനീയം" എന്ന വിഷയത്തിൽ പ്രൊഫ. ധർമ്മരാജ് അടാട്ട് എൻഡോവ്മെന്റ് പ്രഭാഷണം 2025 മാർച്ച് 11 ന് സംഘടിപ്പിച്ചു. കേരള സർവകലാശാല മലയാള വിഭാഗം പ്രൊഫസർ ഡോ. എം.എ സിദ്ദിഖ് മുഖ്യ പ്രഭാഷണം നടത്തി.

25. കാലടി മുഖ്യ കേന്ദ്രത്തിൽ സാമൂഹിക പ്രവർത്തക വിഭാഗം ഡിസബിലിറ്റി ആൻഡ് ഇൻക്ലൂസിവിറ്റി എന്ന വിഷയത്തിൽ 2025 മാർച്ച് 14 ന് ദേശീയ കോൺഫറൻസ് 'ഇൻക്ലൂസിയ 2025' സംഘടിപ്പിച്ചു. വൈസ് ചാൻസലർ കോൺഫറൻസിന്റെ ഉദ്ഘാടനം നിർവഹിച്ചു. 2025 മാർച്ച് 15 ന് സാമൂഹിക പ്രവർത്തക വിഭാഗം 'കൂട്ട് 2025' സംഘടിപ്പിച്ചു.

26. 10.03.2025 മുതൽ 16.03.2025 വരെ സർവകലാശാലയിലെ സംസ്കൃതം വേദാന്ത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യക്യാമ്പസിൽ സപ്തദിന ദേശീയ ശില്പശാല

സംഘടിപ്പിച്ചു. സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസ്സി മാത്യു ശില്പശാല ഉദ്ഘാടനം ചെയ്തു. സംസ്കൃത പണ്ഡിതൻ പ്രൊഫ. വി. രാമകൃഷ്ണഭട്ടിനെ ചടങ്ങിൽ ആദരിച്ചു.

27. കാലടി മുഖ്യ കേന്ദ്രത്തിലെ സംസ്കൃത ന്യായ വിഭാഗത്തിന്റെ നേതൃത്വത്തിൽ 2025 മാർച്ച് 17 മുതൽ 22 വരെ Nyaya Manjari of Jayanta എന്ന വിഷയത്തിൽ നാഷണൽ ലെവൽ Textual Workshop സംഘടിപ്പിച്ചു.

28. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സംസ്കൃത വേദാന്ത വിഭാഗത്തിന്റെ നേതൃത്വത്തിൽ ദേശീയ പ്രഭാഷണ പരമ്പര 2025 മാർച്ച് 17 മുതൽ 21 വരെ സംഘടിപ്പിച്ചു. പ്രസ്തുത ചടങ്ങ് വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ചു.

29. സർവകലാശാലയിലെ സെന്റർ ഫോർ മ്യൂസിയം സ്റ്റഡീസിന്റെ നേതൃത്വത്തിൽ അനുവൽ പബ്ളിക് എക്സിബിഷൻ "ഉടലും ഉടുപ്പും" 2025 മാർച്ച് 17 മുതൽ 21 വരെ സർവകലാശാല മുഖ്യ കേന്ദ്രത്തിലെ കനകധാരാ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചു.

30. സർവകലാശാലയിലെ സംസ്കൃത സാഹിത്യ വിഭാഗവും ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ദ ആർട്സ്, തൃശ്ശൂർ പ്രാദേശിക കേന്ദ്രവും (IGNCA) സംയുക്തമായി സംഘടിപ്പിച്ച സെമിനാറും കൂടിയാട്ട അവതരണവും കാലടി മുഖ്യ ക്യാമ്പസിൽവച്ച് 2025 മാർച്ച് 17 ന് നടന്നു. സെമിനാറിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു. IGNCA യുടെ തൃശ്ശൂർ റീജിയണൽ ഡയറക്ടർ ഡോ. കെ. രാജശേഖരൻ മുഖ്യ പ്രഭാഷണം നടത്തി.

31. സർവകലാശാല കാലടി മുഖ്യകേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ 2025 മാർച്ച് 19,20,21 തീയതികളിലായി പണ്ഡിറ്റ് സുബ്ബരാമപട്ടർ എൻഡോവ്മെന്റ് അന്താരാഷ്ട്ര കോൺഫറൻസ് സംഘടിപ്പിച്ചു. പ്രസ്തുത കോൺഫെറൻസിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.

32. സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്സാസ്റ്റർ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 2025 മാർച്ച് 21 ന് Current trends and challenges in Disaster Risk Reduction and Management എന്ന വിഷയത്തിൽ ഏകദിന വർക് ഷോപ്പ് സംഘടിപ്പിച്ചു.

33. കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ ഹിന്ദി വിഭാഗത്തിന്റെ നേതൃത്വത്തിൽ 2025 മാർച്ച് 20,21,22 തീയതികളിലായി ADEP പ്രോഗ്രാമിന്റെ ഭാഗമായി മൂന്ന് ദിവസത്തെ നാഷണൽ വർക് ഷോപ്പ് സംഘടിപ്പിച്ചു. ഡോ. സർവേഷ് മൗര്യ, NCERT, മൈസൂർ മുഖ്യ പ്രഭാഷണം നടത്തി.

34. സർവകലാശാല കാലടി മുഖ്യകേന്ദ്രത്തിലെ ഹിന്ദി വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ഹിന്ദി നാടകങ്ങളിലെ ആദിവാസി ജീവിതം' എന്ന വിഷയത്തിൽ 2025 മാർച്ച് 24, 25 തീയതികളിലായി ദേശീയ സെമിനാർ സംഘടിപ്പിച്ചു. ഡോ. ഷമിം അലിയാർ, റിട്ടയേർഡ് പ്രൊഫസർ, കൊച്ചി സർവകലാശാല, ദേശീയ സെമിനാർ ഉദ്ഘാടനം

ചെയ്തു.

35. സർവകലാശാല കാലടി മുഖ്യകേന്ദ്രത്തിൽ മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "സംസ്കാരിക പഠനം: പുനരാലോചനയുടെ വഴികൾ" എന്ന വിഷയത്തിൽ 2025 മാർച്ച് 24,25,26 തീയതികളിലായി നാഷണൽ സെനിനാർ സംഘടിപ്പിച്ചു. ഡോ. എ. കെ രാമകൃഷ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്തു.
36. സർവകലാശാലയിലെ മോഹിനിയാട്ടം വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ദക്ഷിണേന്ത്യൻ ക്ലാസിക്കൽ നൃത്ത രൂപങ്ങൾ ഭൂതകാലവും വർത്തമാനവും' എന്ന വിഷയത്തിൽ ത്രിദിന ദേശീയ സെമിനാർ 2025 മാർച്ച് 26, 27, 28 തീയതികളിൽ സംഘടിപ്പിച്ചു. പ്രശസ്ഥ മോഹിനിയാട്ടം നർത്തകി ഡോ. ദീപ്തി ഓംചേരി സെമിനാർ ഉദ്ഘാടനം ചെയ്തു.
37. ICSSR ന്റെ മൈനർ റിസർച്ച് പ്രോജക്റ്റ് സർവകലാശാല ഹിന്ദി വിഭാഗം പ്രൊഫസർ ഡോ. പി.എച്ച്. ഇബ്രാഹിംകുട്ടി, സംസ്കൃത സാഹിത്യ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. പത്മദാസ് കെ.എൽ, സംസ്കൃത ന്യായ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. രജിത സി. എന്നിവർക്ക് ലഭിച്ചിട്ടുണ്ട്. ഈ നേട്ടം കൈവരിച്ച അധ്യാപകരെ അഭിനന്ദിക്കുന്നു.
38. സർവകലാശാലയും വിയന്നയിലെ സെൻട്രൽ യൂറോപ്യൻ സർവകലാശാലയുമായുള്ള MOU ന്റെ ഭാഗമായി Erasmus + students mobility scheme ൽ സെൻട്രൽ യൂറോപ്യൻ സർവകലാശാലയിലെ ഒരു സെമസ്റ്ററിൽ പഠനം നടത്തുന്നതിനായി സോഷ്യോളജി വകുപ്പ് ഗവേഷണ വിദ്യാർത്ഥിയായ അപർണ്ണ ഡി, ചരിത്ര വിഭാഗത്തിലെ ഗവേഷക ഗ്രേസ് പി. ജോൺസിനേയും തെരഞ്ഞെടുത്തിട്ടുണ്ട്. ടി വിദ്യാർത്ഥികളെ അനുമോദിച്ചുകൊണ്ടുള്ള ചടങ്ങ് 26.03.2025 ന് സംഘടിപ്പിച്ചു.
39. പെയിന്റിംഗ് വിഭാഗത്തിലെ ബി.എഫ്.എ/എം.എഫ്.എ വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭാഗമായുള്ള കലാസൃഷ്ടികളുടെ വാർഷിക പ്രദർശനം ഫൈനൽ ഡിസ്പ്ലേ 2025, 2025 മാർച്ച് 26 മുതൽ 31 വരെ കാലടി മുഖ്യകേന്ദ്രത്തിൽ വച്ച് നടന്നു. വാർഷിക പ്രദർശനത്തിന്റെ ഉദ്ഘാടനം പ്രശസ്ത ചിത്രകാരൻ ശ്രീ. നിഖിൻ ചോപ്ര നിർവഹിച്ചു.
40. സർവകലാശാല കാലടി മുഖ്യ കേന്ദ്രത്തിൽ ഹിന്ദി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "Santh Kaavya Parampara as Hamaara Samay" എന്ന വിഷയത്തിൽ 2025 മാർച്ച് 27, 28 തീയതികളിലായി നാഷണൽ സെമിനാർ സംഘടിപ്പിച്ചു. ബനാറസ് ഹിന്ദു സർവകലാശാലയിലെ പ്രൊഫസർ ഡോ. പ്രഭാഗർ സിങ്ങ് മുഖ്യഭാഷണം നടത്തി.
41. സർവകലാശാല തിരൂർ പ്രാദേശിക കേന്ദ്രത്തിൽ സംസ്കൃത വ്യാകരണ വിഭാഗം സംഘടിപ്പിച്ച ദ്വിദിന ദേശീയ വാക്യാർത്ഥ സദസ്സ് 2025 മാർച്ച് 27, 28 തീയതികളിലായി സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ചു.

42. സർവകലാശാല കാലടി മുഖ്യ കേന്ദ്രത്തിൽ സംസ്കൃത വേദാന്ത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ Mahabharatha a Source Book of Indian Philosophy എന്ന വിഷയത്തിൽ 2025 ഏപ്രിൽ 28, 29 തീയതികളിലായി നാഷണൽ സെമിനാർ സംഘടിപ്പിച്ചു.

43. സംസ്കൃത വ്യാകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ കാലടി മുഖ്യകേന്ദ്രത്തിൽ വച്ച് പണ്ഡിതരാജൻ ശാസ്ത്രരത്നം കലക്കത്ത് ഗോവിന്ദൻ നമ്പ്യാർ എൻഡോവ്മെന്റ് സ്മാരക പ്രഭാഷണം 2025 ഏപ്രിൽ 03, 04 തീയതികളിലായി സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ഡോ. എസ്.എ.എസ് ശർമ്മ "ലിഖിതങ്ങൾ ചരിത്ര സാക്ഷ്യങ്ങൾ, കേരളത്തിന്റെ സംസ്കൃത വ്യാകരണ പാരമ്പര്യം " എന്ന വിഷയത്തിൽ സ്മാരക പ്രഭാഷണം നടത്തി.

44. സർവകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സിൻഡിക്കേറ്റ് അംഗങ്ങൾ പ്രാദേശിക കേന്ദ്രങ്ങൾ സന്ദർശിച്ച് അവലോകനം നടത്തണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2025 ഏപ്രിൽ 9 ന് സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ. എസ്. അരുൺകുമാർ, ഡോ. എം. സത്യൻ, ഡോ. ആർ. അജയൻ, ഡോ. ബി. അശോക് , ഡോ. ടി. മിനി, ഡോ. ശിവദാസൻ പി, ഡോ. ഓമന പി.വി, ഡോ. മാത്യൂസ് ടി. തെള്ളി എന്നിവർ തിരുവനന്തപുരം പ്രാദേശിക ക്യാമ്പസ് സന്ദർശിക്കുകയും ക്യാമ്പസ് സമൂഹവുമായി ചർച്ച നടത്തുകയും ചെയ്തു. കൂടാതെ സർവകലാശാലയുടെ ആറ്റുകാലിലുള്ള സ്ഥലം സന്ദർശിക്കുകയും സ്ഥലവുമായി ബന്ധപ്പെട്ട് നടക്കുന്ന കേസുകളെക്കുറിച്ച് പഠിക്കുകയും തുടർനടപടി ഊർജ്ജിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. സ്ഥലത്ത് സർവകലാശാലയുടെ ബോർഡ് സ്ഥാപിക്കുവാനും സ്ഥലത്തിലേക്കുള്ള വഴി പൊതുവഴിയായി ഉപയോഗിച്ചുവരുന്നത് തടയുന്നതിനായി ആ ഭാഗം ബ്ലോക്ക് ചെയ്യുവാനും തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിന് ചുമതല നൽകുകയും ചെയ്തു. തുടർന്ന് തിരുവനന്തപുരം പ്രാദേശികകേന്ദ്രം പ്രസ്തുത ചുതലകൾ നിറവേറ്റുകയും ചെയ്തു.

45. സർവകലാശാല യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവം "ഒബോനേറ്റോ - 2025" കാലടി മുഖ്യകേന്ദ്രത്തിൽ 2025 ഏപ്രിൽ 28, 29, 30 തീയതികളിലായി സംഘടിപ്പിച്ചു. കാലടി മുഖ്യകേന്ദ്രം 327 പോയിന്റോടെ ഒന്നാം സ്ഥാനവും 95 പോയിന്റോടെ തിരൂർ പ്രാദേശിക ക്യാമ്പസ് രണ്ടാം സ്ഥാനവും പയ്യന്നൂർ പ്രാദേശിക ക്യാമ്പസ് 39 പോയിന്റോടെ മൂന്നാം സ്ഥാനവും നേടി

46. ശ്രീ ശങ്കരജയന്തിയുടെ ഒന്നാംഘട്ട ആഘോഷങ്ങൾ 2025 മെയ് 2 -ാം തീയതി കാലടി മുഖ്യകേന്ദ്രത്തിൽ സംഘടിപ്പിച്ചു. വൈസ് ചാൻസലർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ "Sri Sankara and His Enduring Legacy Through The Works" എന്ന വിഷയത്തിൽ

പ്രൊഫസർ കെ. വരലക്ഷ്മി (ഒസ്മാനിയ യൂണിവേഴ്സിറ്റി, ഹൈദരാബാദ്) വാർഷിക പ്രഭാഷണം നടത്തി.

47. ഐ.എസ്.എസ്.എസ് ന്റെ നേതൃത്വത്തിൽ ശങ്കരജയന്തിയുടെ ഭാഗമായി 2025 മെയ് 2 ന് ഓൺലൈനായി വാർഷിക പ്രഭാഷണം സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ " The Monistic Theism of Adi Sankara" എന്ന വിഷയത്തിൽ പ്രൊഫ. സ്റ്റീഫൻ എച്ച്. ഫിലിപ്പ് (യൂണിവേഴ്സിറ്റി ഓഫ് ടെക്സാസ്, ഓസ്റ്റിൻ, യു.എസ്.എ) വാർഷിക പ്രഭാഷണം നടത്തി.

48. 2025 ഏപ്രിൽ മാസത്തിൽ നടന്ന ബിരുദാനന്തര ബിരുദ പരീക്ഷയുടെ ഫൈനൽ പരീക്ഷാഫലം 10 ദിവസംകൊണ്ട് പ്രഖ്യാപിച്ചു. കൂടാതെ ബിരുദ/എഫ്.വൈ.യു.ജി. പ്രോഗ്രാമുകളുടെ പരീക്ഷാഫലവും അതിവേഗത്തിൽ പ്രഖ്യാപിച്ചു. അതിനുവേണ്ടി പ്രയത്നിച്ച പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ്, അധ്യാപകർ, ജീവനക്കാർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

49. 2026 ലെ നാക് വിസിറ്റിന് മുന്നോടിയായി പൂർത്തീകരിക്കേണ്ടതായ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് 2025 മെയ് 14, 15 തീയതികളിലായി സർവകലാശാല മുഖ്യകേന്ദ്രത്തിൽ നടന്നു.

50. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന എന്റെ കേരളം പരിപാടിയുടെ എറണാകുളം ജില്ലാ സപ്തദിന പ്രദർശന വിപണനമേള മറൈൻ ഡ്രൈവിൽ 2025 മെയ് 17 മുതൽ 23 വരെ നടക്കുകയാണ്. പ്രദർശന വിപണന മേളയിൽ സർവകലാശാലയുടെ സ്റ്റാളൊരുക്കുന്നതിനായി ഡോ. എം. സത്യൻ കോർഡിനേറ്ററായി ഒരു കമ്മറ്റി രൂപീകരിക്കുകയും ആ കമ്മിറ്റിയുടെ നേതൃത്വത്തിൽ മറൈൻ ഡ്രൈവിൽ പ്രത്യേക സ്റ്റാൾ ഒരുക്കി സജീവമായി പങ്കെടുക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നടത്തിയ വികസന പ്രവർത്തനത്തെ സമൂഹത്തിന് മുമ്പിൽ എത്തിക്കുക എന്ന ദൗത്യമാണ് എന്റെ കേരളം പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. എന്റെ കേരളം പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന സ്റ്റുഡന്റ് സമ്മിറ്റ് വിദ്യാർത്ഥികളുമായി മുഖ്യമന്ത്രി നടത്തുന്ന സംവാദം 2025 മെയ് 30 ന് കോട്ടയത്തു വെച്ച് നടക്കും. സർവകലാശാലയിലെ 5 വിദ്യാർത്ഥികൾ നോഡൽ ഓഫീസർ ഡോ. കെ.എൽ പത്മദാസിന്റെ നേതൃത്വത്തിൽ പരിപാടിയിൽ പങ്കെടുക്കും.

51. സർവകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങളുടെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുവാനും പ്രാദേശിക കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും സിൻഡിക്കേറ്റ് അംഗങ്ങൾ പ്രാദേശിക കേന്ദ്രങ്ങൾ സന്ദർശിക്കണമെന്ന തീരുമാനത്തിന്റെ ഭാഗമായി 2025 മെയ് 23 –ാം തീയതി സിൻ

ഡിക്കേറ്റ് അംഗങ്ങളായ അഡ്വ. അരുൺകുമാർ, ഡോ. എം. സത്യൻ, ഡോ. ടി. മിനി, ഡോ. ലിസ്സി മാത്യു, ഡോ. ഓമന പി.വി, ഡോ. പി.വി. രാമൻകുട്ടി, ഡോ. മാത്യൂസ് ടി. തെള്ളി എന്നിവർ ഏറ്റുമാനൂർ പ്രാദേശിക ക്യാമ്പസ് സന്ദർശിക്കുകയും ക്യാമ്പസ് സമൂഹവുമായി ചർച്ച നടത്തുകയും സർവകലാശാലയുടെ പേരിലുള്ള സ്ഥലം സന്ദർശിക്കുകയും ചെയ്തു. സ്ഥലത്ത് ഭാവിയിൽ നടത്താവുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് പ്രാധമിക ചർച്ചകൾ നടത്തി.

52. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും സെമിനാറുകളും വെബിനാറുകളും ശില്പശാലകളും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**II. പരിഗണനയ്ക്കുള്ള വിഷയങ്ങൾ (Item for consideration)–പ്രിലിമിനെറി അജണ്ട**

1. **നം. 02874/ACDC2 / S.S.U.S. / 2024(1)**

FYUGP പ്രോഗ്രാമിലേയ്ക്ക് വയസിളവ് അനുവദിച്ച് അഡ്മിഷൻ നല്കിയത്- സാധൂകരണം- സംബന്ധിച്ച്.

- സാധൂകരിച്ചു.

2. **നം. 03459 / ACDB1 / S.S.U.S. / 2024(1)**

നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്ന്, നാല് ക്രെഡിറ്റ് കോഴ്സുകളുടെ CE, ESE മിനിമം മാർക്ക് നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

- നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ നാല് ക്രെഡിറ്റ് കോഴ്സുകൾക്ക്, Continuous Evaluation ന് മിനിമം മാർക്ക് 15 ഉം, End Semester Examination ന് മിനിമം മാർക്ക് 20 എന്നും, മൂന്ന് ക്രെഡിറ്റ് കോഴ്സുകൾക്ക്, CE മിനിമം 11 ഉം, ESE മിനിമം 15 എന്നും നിജപ്പെടുത്തണമെന്ന വ്യവസ്ഥ നടപ്പിലാക്കാൻ തീരുമാനിച്ചു.

3. **നം. 00949/ ACDB1 / S.S.U.S. / 2025(1)**

2023 അഡ്മിഷൻ MSW DM വിദ്യാർത്ഥികൾക്ക് ഓഫർ ചെയ്യുന്നതിനായി 'Community Health Organisation in the context of Disaster' എന്ന 2 ക്രെഡിറ്റ് കോഴ്സിന്റെ ക്രെഡിറ്റ്, ടൈറ്റിൽ, കോഡ് എന്നിവ അക്കാദമിക് കൗൺസിലിന്റെ സാധുകരണത്തിന് വിധേയമായി ഭേദഗതി ചെയ്തത് - സംബന്ധിച്ച്.

- സാധൂകരിച്ചു.

4. **നം. 01646/ EXAMB3 / S.S.U.S. / 2025(1)2024**

ഏപ്രിൽ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എ തീയറ്റർ(റെഗുലർ) പരീക്ഷയിൽ

വിജയികളായ വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും, ബിരുദം നല്കുന്നതും - സംബന്ധിച്ച്.

- അംഗീകരിച്ചു. ഭാവിയിൽ അക്കാദമിക് കൗൺസിലിൽ സമർപ്പിക്കുന്ന റിസൾട്ടുകളിൽ വിദ്യാർത്ഥികളുടെ പേര്, രജിസ്റ്റർ നമ്പർ, ഗ്രേഡ്, ഗ്രേഡ് പോയിന്റ് എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു.

5. **നം. 00284/ ACDB1 / S.S.U.S. / 2024(1)**

   04.04.2025 ലെ FYUGP കമ്മിറ്റി കൺവീനർമാരുടെ യോഗത്തിൽ FYUGP പ്രോഗ്രാമുകളുടെ പരീക്ഷ പുനഃമൂല്യനിർണയം സംബന്ധിച്ച തീരുമാനം.

   - വകുപ്പ് തലത്തിൽ മൂല്യനിർണയം നടത്തുന്ന 1,2,3,5,7 സെമസ്റ്ററുകളിലെ പരീക്ഷ ഫലം സംബന്ധിച്ച പരാതികൾ ഡിപ്പാർട്മെന്റ് തല FYUGP കമ്മിറ്റികൾ പരിശോധിച്ച് തീരുമാനമെടുക്കാമെന്നും, ഡിപ്പാർട്മെന്റ് തലത്തിൽ തീരുമാനമാകാത്ത വിഷയം FYUGP ഡയറക്ടറേറ്റിന്റെ redressal കമ്മിറ്റിയുടെ പരിശോധനനയ്ക്ക് വിടാനുമുള്ള ഡയറക്ടറേറ്റിന്റെ തീരുമാനം അംഗീകരിച്ചു. സർവകലാശാല തലത്തിൽ മൂല്യനിർണ്ണയം നടത്തുന്ന 4, 6, 8 എൻഡ് സെമസ്റ്റർ പരീക്ഷകളുടെ പുനഃമൂല്യനിർണയം സർവകലാശാല തലത്തിൽ നടത്തുവാനും തീരുമാനിച്ചു.

6. No. 03110 / ACDB1 / S.S.U.S. / 2023(1)

   Approval of the FYUGP Syllabi of various Semesters

   - അംഗീകരിച്ചു. നാല് വർഷ ബിരുദ പ്രോഗ്രാമുമായി ബന്ധപ്പെട്ട സിലബസുകൾ സമർപ്പിക്കുമ്പോൾ സിലബസിൽ ലെവൽ ഉൾപ്പെടുത്തിയ കോഴ്സ് കോഡുകൾ ചേർക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

7. No. 03110 / ACDB1 / S.S.U.S. / 2023(2)

   Sanskrit Vedanta- Ph.D Coursework Syllabus- Submission for Approval.

   - അംഗീകരിച്ചു.

## III. സപ്ലിമെന്ററി അജണ്ട

1 **No. 01726 / EXAM.A1 / S.S.U.S. / 2025**

Award of Ph.D to Various Candidates – reg.

- 18.12.2024 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം എടുത്ത തീരുമാന പ്രകാരം 8 വിദ്യാർത്ഥികൾക്ക് Ph.D അവാർഡ് ചെയ്തത് അംഗീകരിച്ചു.
- 05.02.2025 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം എടുത്ത തീരുമാന പ്രകാരം 9 വിദ്യാർത്ഥികൾക്ക് Ph.D അവാർഡ് ചെയ്തത് അംഗീകരിച്ചു.
- 29.03.2025 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം എടുത്ത തീരുമാന പ്രകാരം

13 വിദ്യാർത്ഥികൾക്ക് Ph.D അവാർഡ് ചെയ്തത് അംഗീകരിച്ചു.

2 **No. 02870 / EXAM.C3 / S.S.U.S. / 2024(1)**

2001 പ്രവേശനം ബി.എഫ്.എ മ്യൂറൽ പെയിന്റിംഗ് വിദ്യാർത്ഥി കലേഷ് എ(രജിസ്റ്റർ നം.3313)യ്ക്ക് മാർക്ക് ലിസ്റ്റുകൾ, ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നത് -സംബന്ധിച്ച്.

- ടി വിഷയത്തെക്കുറിച്ച് പഠിക്കാൻ ഡോ. സംഗമേശൻ കെ. എം.(കൺവീനർ), ഡോ. ജ്യോതിലാൽ ടി. ജി., ഡോ. മുരളീകൃഷ്ണൻ ടി. ആ.ർ, ഡോ. സുനിത ഗോപാലകൃഷ്ണൻ, ശ്രീമതി റേച്ചൽ പി.ഡി എന്നിവർ അംഗങ്ങളായ കമ്മിറ്റിയെ ചുമതലപ്പെടുത്തി. കമ്മിറ്റി ജൂൺ 5 നകം റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

3 **No. 01197 / OIA2 / S.S.U.S. / 2025**

Erasmus Mundus Joint MA Programme (EMJM) – Reporting of Developments and Recommendations for Implementation – Reg.

- അംഗീകരിച്ചു.

4 **No. 01084 / ACDB1 / S.S.U.S. / 2025(1)**

Post Graduate Diploma in Manuscriptology- റെഗുലേഷൻ & സിലബസ് - അക്കാദമിക് കൗൺസിൽ അംഗീകാരത്തിന് സമർപ്പിക്കുന്നത്- സംബന്ധിച്ച്.

- അംഗീകരിച്ചു.

5 **No. 01276 / ACDB1 / S.S.U.S. / 2025(1)**

Diploma in Ayurveda Panchakarma and International Spa therapy, P.G Diploma in Wellness and Spa Management- പ്രോഗ്രാമുകളുടെ സിലബസ് ഭേദഗതി - അക്കാദമിക് കൗൺസിൽ അംഗീകാരത്തിന് സമർപ്പിക്കുന്നത്- സംബന്ധിച്ച്.

- അംഗീകരിച്ചു.

6 No. 01542 **/ ACDB1 / S.S.U.S. / 2025(1)**

Centre for Manuscriptology- മൂന്നാം സെമസ്റ്റർ എം. എ വിദ്യാർത്ഥികൾക്ക് ഓഫർ ചെയ്യുന്ന മൾട്ടി ഡിസിപ്ലിനറി കോഴ്സ്- Ancient Indian Writing and Manuscriptology- യുടെ സിലബസ് - അക്കാദമിക് കൗൺസിൽ അംഗീകാരത്തിന് സമർപ്പിക്കുന്നത്- സംബന്ധിച്ച്.

- അംഗീകരിച്ചു.
- സംസ്കൃതം ജനറൽ വകുപ്പിലെ അധ്യാപകനായ കോഴ്സ് കോ-ഓർഡിനേറ്റർ, സംസ്കൃതം ജനറൽ-ന്റെ ഡിപ്പാർട്ട്മെന്റ് കൗൺസിലിൽ അവതരിപ്പിക്കാതെ നേരിട്ടാണ് Centre for Manuscriptology വഴി ടി സിലബസ് സർവകലാശാല

മുൻപാകെ സമർപ്പിച്ചത് എന്ന് പ്രസ്തുത വിഷയത്തിൽ സംസ്കൃതം ജനറൽ വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തു.

7 **No. EC / 11501 / S.S.U.S. / 2021(1)**

2022 Admission – Sixth Semester B.A Degree(Regular) Examinations April 2025- Results Published- Reporting- Award of Degree.

- അംഗീകരിച്ചു. പരീക്ഷാ വിഭാഗം സമർപ്പിച്ച റിസൾട്ടിൽ കാലടിയിലെ സംസ്കൃതം ജനറൽ വിഭാഗം വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പറിൽ കാലടി(KA) എന്നതിന് പകരം കൊയിലാണ്ടി(KO) എന്ന് രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടതിനാൽ, അപ്രകാരം ശരിയായ രജിസ്റ്റർ നമ്പറോട് കൂടി റിസൾട്ട് അംഗീകരിക്കാൻ തീരുമാനിച്ചു. ഭാവിയിൽ ഇത് പോലുള്ള തെറ്റുകൾ ആവർത്തിക്കരുത് എന്ന് കർശനമായി നിർദ്ദേശിച്ചു. ഭാവിയിൽ അക്കാദമിക് കൗൺസിലിൽ സമർപ്പിക്കുന്ന റിസൾട്ടുകളിൽ വിദ്യാർത്ഥികളുടെ പേര്, രജിസ്റ്റർ നമ്പർ, ഗ്രേഡ്, ഗ്രേഡ് പോയിന്റ് എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുകയും ചെയ്തു.

8 **No. EC / 11501 / S.S.U.S. / 2021(2)**

2020 & 2021 Admission – Passed Students – Reporting-Reg.

- അംഗീകരിച്ചു. ഭാവിയിൽ അക്കാദമിക് കൗൺസിലിൽ സമർപ്പിക്കുന്ന റിസൾട്ടുകളിൽ വിദ്യാർത്ഥികളുടെ പേര്, രജിസ്റ്റർ നമ്പർ, ഗ്രേഡ്, ഗ്രേഡ് പോയിന്റ് എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു.

9 **No. EC / 11501 / S.S.U.S. / 2021(3)**

Degree Certificates Issued – ratification -Reg.

- അംഗീകരിച്ചു. ഭാവിയിൽ അക്കാദമിക് കൗൺസിലിൽ സമർപ്പിക്കുന്ന റിസൾട്ടുകളിൽ വിദ്യാർത്ഥികളുടെ പേര്, രജിസ്റ്റർ നമ്പർ, ഗ്രേഡ്, ഗ്രേഡ് പോയിന്റ് എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു.

10 **No. EC / 11501 / S.S.U.S. / 2021(4)**

Mercy Chance Examination, September 2024 – Passed Students – Reporting-Reg.

- ശ്രദ്ധിച്ചു. ഭാവിയിൽ അക്കാദമിക് കൗൺസിലിൽ സമർപ്പിക്കുന്ന റിസൾട്ടുകളിൽ വിദ്യാർത്ഥികളുടെ പേര്, രജിസ്റ്റർ നമ്പർ, ഗ്രേഡ്, ഗ്രേഡ് പോയിന്റ് എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു.

11 **No. 00858 / ACD.A2 / S.S.U.S. / 2025(1)**

സംസ്കൃത സാഹിത്യം പഠന വകുപ്പിലെ 03.02.2022 രജിസ്ട്രേഷൻ പാർട്ട് ടൈം ഗവേഷ കയായ അമൃത കെ.ബി യുടെ പ്രബന്ധ സമർപ്പണം -സംബന്ധിച്ച്.

- U.G.C-യുടെ നിബന്ധനയ്ക്ക് വിധേയമായി ടി വിഷയത്തിൽ തീരുമാനം എടുക്കുന്നതിന് ബഹു. വൈസ് ചാൻസിലറുടെ പരിഗണനയ്ക്ക് വിട്ടു.

12 **No. 01933 / ACD.C2 / S.S.U.S. / 2025(1)**

എം.എഫ്.എ റഗുലേഷനിൽ ഭേദഗതി വരുത്തുന്നത് -സംബന്ധിച്ച്

- ടി വിഷയം അടിയന്തിരമായി റഗുലേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

13 **No. 01688 / ACD.A1 / S.S.U.S. / 2025(1)**

ഇംഗ്ലീഷ് പഠന വകുപ്പിലെ 17.03.2022 രജിസ്ട്രേഷൻ പാർട്ട് ടൈം ഗവേഷകയായ പ്രിയമോൾ പി- യുടെ പ്രബന്ധ സമർപ്പിക്കുന്നതിന് അനുമതി നല്കണമെന്ന അപേക്ഷ -സംബന്ധിച്ച്

- U.G.C-യുടെ നിബന്ധനയ്ക്ക് വിധേയമായി ടി വിഷയത്തിൽ തീരുമാനം എടുക്കുന്നതിന് ബഹു. വൈസ് ചാൻസിലറുടെ പരിഗണനയ്ക്ക് വിട്ടു.ബഹു.

14 **No. 01956 / ACD.B1 / S.S.U.S. / 2025(1)**

Approval of the introduction of new courses, modified syllabi, restructuring courses and Regulation of the Disaster Management Programme.

- അംഗീകരിച്ചു.

15 **No. 01906 / EXAM.D1 / S.S.U.S. / 2025(1)**

2025 ഏപ്രിൽ മാസം നടത്തിയ എം.എഫ്.എ, പി.ജി. ഡിപ്ലോമ, ഡിപ്ലോമ പ്രോഗ്രാമുകൾ വിജയകരമായി പൂർത്തികരിച്ച വിദ്യാർത്ഥികളുടെ പരീക്ഷ ഫലങ്ങളും, എം.എസ്.ഡബ്ല്യൂ(2014 അഡ്മിഷൻ) വിദ്യാർത്ഥികളുടെ തടഞ്ഞുവെച്ച പരീക്ഷാഫലം പ്രസിദ്ധീകരിച്ചതും അംഗീകരിക്കുന്നത്- ഡിഗ്രി/പി.ജി ഡിപ്ലോമ/ഡിപ്ലോമ അവാർഡ് ചെയ്യുന്നത്- സംബന്ധിച്ച്.

- അംഗീകരിച്ചു.

16 **No. 01646 / EXAM.B3/ S.S.U.S. / 2025(2)**

2025 ഏപ്രിൽ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എ/ *എം.എസ്.സി*/എം.പി.ഇ.എസ്(റഗുലർ/ റി-അഡ്മിഷൻ/ റി- അപ്പിയറൻസ്) പരീക്ഷകളിൽ

വിജയികളായ വിദ്യാർത്ഥികൾക്ക് ബിരുദം നല്കുന്നത് - സംബന്ധിച്ച്.

- അംഗീകരിച്ചു. ഭാവിയിൽ അക്കാദമിക് കൗൺസിലിൽ സമർപ്പിക്കുന്ന റിസൾട്ടുകളിൽ വിദ്യാർത്ഥികളുടെ പേര്, രജിസ്റ്റർ നമ്പർ, ഗ്രേഡ്, ഗ്രേഡ് പോയിന്റ് എന്നിവ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു.

17 **No. 03110 / ACDB1 / S.S.U.S / 2023 (1)**

Approval of the FYUGP Syllabi of various Semsters.

- അംഗീകരിച്ചു.

18 **No. 01855 / SCOL 1 / S.S.U.S / 2025 (1)**

SCOL- ഡോ. എസ് . സരുൺ സമർപ്പിച്ച ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് " Natural Hazards And Disaster Management" -ന്റെ പ്രോപ്പോസലും സിലബസും അംഗീകരിക്കുന്നത്- സംബന്ധിച്ച്

- അംഗീകരിച്ചു.

19 **No. 01979 / EXAM.D1 / S.S.U.S. / 2025(1)**

PGDSCL-സെമസ്റ്റർ ഗ്രേഡ് റിപ്പോർട്ട് മാതൃക – അംഗീകരിക്കുന്നത് -സംബന്ധിച്ച്

- അംഗീകരിച്ചു.

**III. ഔട്ട് ഓഫ് അജണ്ട**

1. **No. 03110 / ACDB1 / S.S.U.S / 2023 (3)**

Sanskrit Vedanta- DSC Syllabus for FYUGP- I Semester students : reg.

- അംഗീകരിച്ചു.

2. **No. 03110 / ACDB1 / S.S.U.S / 2023 (4)**

കായിക വിദ്യാഭ്യാസ വകുപ്പ്- MDC കോഴ്സിന്റെ സിലബസ്- അംഗീകരിക്കുന്നത് - സംബന്ധിച്ച്.

- അംഗീകരിച്ചു.

**ഒപ്പ്**

**ഡോ. കെ കെ ഗീതാകുമാരി**

**വൈസ് ചാൻസലർ**